പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :577 04.02.2020-ലെ മറുപടിക്ക്

**കൊരട്ടിയിലെ കെയർ കേരള ആയുർവേദ കൺസോർഷ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** കൊരട്ടി കിൻഫ്രയിലെ കെയർ കേരള ആയുർവേദ കൺസോർഷ്യം എന്ന സ്ഥാപനം നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>**(ബി)** ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | **(എ) &(ബി)** കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന ആയുർവേദ കൺസോർഷ്യം കമ്പനിയായ കെയർ കേരളം എന്ന സ്ഥാപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വായ്പ എടുത്ത തുക തിരിച്ചടക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ SARFAESI ACT പ്രകാരം ആസ്തി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. തുടർന്ന് കെയർ കേരളം കമ്പനിയിൽ മുതൽ മുടക്കുന്നതിന് പുതിയ നിക്ഷേപകരെ കണ്ടെത്താനുള്ള ശ്രമങ്ങൾ വിജയിച്ചില്ല. തുടർന്ന് കമ്പനിയെ പുനരുദ്ധരിക്കുന്നതിനായി പദ്ധതി തയ്യാറാക്കി KSIDC യെ സമീപിച്ച് പ്രസ്തുത സ്ഥാപനം നിലനിർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ